## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വടക്കൻ പറവൂർ നഗരസഭയിലെ റിട്ട.സീനിയർ ക്ലാർക്ക് റ്റി.എസ്.രാജഗോപാലിന്റെ (Late) പെൻഷനും പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ടിയാന്റെ ഭാര്യ ശ്രീമതി.പ്രേമലതാദേവി.എസ്.ആർ ന് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 2791/2019/തസ്വഭവ  തീയതി, തിരുവനന്തപുരം : 07/12/2019

പരാമർശം :
1) റ്റി.എസ്.രാജഗോപാലിന്റെ 15/10/2018 തീയതിയിലെ ഡി 03035534 നമ്പർ മരണ സർട്ടിഫിക്കറ്റ്.
2) ശ്രീമതി.പ്രേമലതാദേവി.എസ്.ആർ സമർപ്പിച്ചിട്ടുള്ള 20/05/2019 തീയതിയായുള്ള സമ്മതപത്രം.
3) കോട്ടയ്ക്കൽ വിപിഎസ് വി ആയുർവേദ കോളെജിൽ നിന്നുള്ള 24/06/2019 തീയതിയിലെ സാക്ഷ്യപത്രം.
4) ആലപ്പുഴ താലൂക്ക് തഹസീൽദാരുടെ 29/04/2019 തീയതിയിലെ കെ.ഡിസ് എ 4-438/2019 നമ്പർ സാക്ഷ്യപത്രം.
5) 03/08/2019 തീയതിയിലെ സ.ഉ.(സാധാ) നം.1673/2019/തസ്വഭവ.
6) വടക്കൻ പറവൂർ നഗരസഭാ സെക്രട്ടറിയുടെ 05/08/2019 തീയതിയിലെ ജി5-487/2014 നമ്പർ കത്ത്.
7) നഗരകാര്യ ഡയറക്ടറുടെ 05/08/2019 തീയതിയിലെ പി8/16778/2019 നമ്പർ കത്ത്.
8) ശ്രീമതി.പ്രേമലതാദേവി.എസ്.ആർ 19/05/2019, 04/11/2019 തീയതികളായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ.

### ഉത്തരവ്

വടക്കൻ പറവൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 01/09/2010 മുതൽ വോളന്ററി റിട്ടയർമെന്റ് അനുവദിക്കുന്നതിനായി 20/05/2010 ൽ റ്റി.എസ്.രാജഗോപാൽ സമർപ്പിച്ച അപേക്ഷയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ടിയാന് വോളന്ററി റിട്ടയർമെന്റിന് അർഹതയുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ടിയാന് വോളന്ററി റിട്ടയർമെന്റ് അനുവദിച്ച് നൽകിയിരുന്നുവെന്നും, തുടർന്ന് പെൻഷൻ ആനുകൂല്യങ്ങൾ നിശ്ചയിക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പിന്റെ നിർദ്ദേശപ്രകാരം പരാമർശം (5) പ്രകാരം ടിയാന്റെ 01/06/2008 മുതൽ 23/12/2009 വരെയുള്ള കാലയളവിലെ അനധികൃത ഹാജരില്ലായ്മയും, സസ്പെൻഷൻ കാലയളവും മുൻകാല സേവനം നഷ്ടമാകാത്തവിധം നോൺ ഡ്യൂട്ടിയായി റഗുലറൈസ് ചെയ്യുകയുണ്ടായെന്നും, ടിയാൻ 2008 മുതൽ ചികിത്സയിലായിരുന്നുവെന്നും ഓഫീസിൽ ഹാജരാകാൻ കഴിയാതിരുന്നതിനാലാണ് വോളന്ററി റിട്ടയർമെന്റിന് അപേക്ഷ നൽകിയതെന്നും വോളന്ററി റിട്ടയർമെന്റ് എടുത്തതിനുശേഷവും ആശുപത്രിയിൽ ചികിത്സയിലായതിനാലാണ് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്നതെന്നും, ടിയാൻ 03/04/2018 ൽ മരണപ്പെട്ടുവെന്നും, ആയതിനാൽ ആരോഗ്യപരമായ കാരണങ്ങളാൽ 01/09/2010 ന് വോളന്ററി റിട്ടയർമെന്റ്

എടുത്തശേഷം 03/04/2018 ൽ മരണപ്പെട്ട ടിയാന്റെ 01/09/2010 മുതലുള്ള പെൻഷനും പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശികയും അനുവദിച്ചു നൽകണമെന്ന് പരാമർശം (7) പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി.പ്രേമലതാദേവി.എസ്.ആർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു

**2)** കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 പ്രകാരം കാലാവധി കഴിഞ്ഞുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർക്കാർ അംഗീകാരം ലഭിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ റ്റി.എസ്.രാജഗോപാൽ വോളന്ററി റിട്ടയർമെന്റ് എടുത്ത 01/09/2010 മുതൽ ടിയാൻ മരണമടഞ്ഞ 03/04/2018 വരെയുള്ള പെൻഷൻ കുടിശ്ശികയും, ടിയാന്റെ മരണശേഷം 04/04/2018 മുതലുള്ള കുടുംബപെൻഷനും ആനുകൂല്യങ്ങളും ടിയാന്റെ ഭാര്യ ശ്രീമതി.പ്രേമലതാദേവി.എസ്.ആർ ന് അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തു.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) മുതൽ (4) വരെയുള്ള ടിയാന്റെ മരണ സർട്ടിഫിക്കറ്റ്, ടിയാന്റെ മക്കളുടെ സമ്മതപത്രം, കോട്ടയ്ക്കൽ വിപിഎസ് വി ആയുർവേദ കോളെജിൽ നിന്നുള്ള സാക്ഷ്യപത്രം, ആലപ്പുഴ തഹസീൽദാരുടെ സാക്ഷ്യപത്രം എന്നിവയുടെയും പരാമർശം (6) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, വടക്കൻ പറവൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ ആരോഗ്യപരമായ കാരണങ്ങളാൽ 01/09/2010 ന് വോളന്ററി റിട്ടയർമെന്റ് എടുത്തശേഷം 03/04/2018 ൽ മരണപ്പെട്ട റ്റി.എസ്.രാജഗോപാലിന്റെ 01/09/2010 മുതലുള്ള പെൻഷനും പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ടിയാന്റെ ഭാര്യ ശ്രീമതി.പ്രേമലതാദേവി.എസ്.ആർ ന് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റി.കെ.ജോസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.പ്രേമലതാദേവി.എസ്.ആർ, W/o (Late) റ്റി.എസ്.രാജഗോപാൽ,
റിട്ട.സീനിയർ ക്ലാർക്ക്, വടക്കൻ പറവൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, വടക്കൻ പറവൂർ നഗരസഭ
പൊതുഭരണ (എസ്.സി) വകുപ്പ് (06/12/2019 തീയതിയിലെ ഇനം നം.3559 പ്രകാരം)
ധനകാര്യ (ഡെവലപ്പ്മെന്റ് വിഭാഗം) വകുപ്പ് (WW1/109/2019-FIN dated 14/08/2019 പ്രകാരം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ